## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2200 — 11/03/2020-ൽ മറുപടിക്ക്

### നെല്ലിക്കുന്ന് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്

| | ചോദ്യം<br>**ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | മറുപടി<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ നെല്ലിക്കുന്ന് ഇലക്ട്രിക്കൽ സെക്ഷൻ ഇപ്പോൾ പ്രവർത്തിക്കുന്നത് ഏതുകെട്ടിടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | കാസറഗോഡ് മുനിസിപ്പാലിറ്റിയുടെ KML XXIV/361,362, 363 എന്നീ നമ്പരുകളിലുള്ള കെട്ടിടങ്ങളിലായാണ് നെല്ലിക്കുന്ന് ഇലക്ട്രിക്കൽ സെക്ഷൻ പ്രവർത്തിക്കുന്നത്. |
| (ബി) | ഈ കെട്ടിടത്തിൽ എത്രകാലമായി സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്നുണ്ടെന്നും ഇത് സർക്കാരിന്റേതോ അതോ സ്വകാര്യവ്യക്തിയുടെതോ എന്ന് വ്യക്തമാക്കാമോ; | (ബി) | കഴിഞ്ഞ 30 വർഷത്തിലേറെ കാലമായി സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഈ കെട്ടിടത്തിലാണ് നെല്ലിക്കുന്ന് ഇലക്ട്രിക്കൽ സെക്ഷൻ പ്രവർത്തിച്ച് വരുന്നത്. |
| (സി) | ഇതിന്റെ വിസ്തീർണ്ണം എന്താണെന്നും സ്വകാര്യവ്യക്തിയുടേതാണെങ്കിൽ എത്ര രൂപയാണ് വാടക നൽകുന്നതെന്നും വ്യക്തമാക്കാമോ; | (സി) | 280 ചതുരശ്ര മീറ്ററാണ് കെട്ടിടത്തിന്റെ വിസ്തീർണ്ണം. ഇപ്പോൾ പ്രതിമാസം 9,500/- രൂപ വാടക നൽകി വരുന്നു. |
| (ഡി) | പ്രസ്തുത ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശമുണ്ടോ യെന്നും അതിനുള്ള സർക്കാർ സ്ഥലം ലഭ്യമാണോ എന്നും വ്യക്തമാക്കാമോ? | (ഡി) | സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ നിലവിൽ കെ.എസ്.ഇ.ബി.യുടെ ഭൂമിയോ സർക്കാർ ഭൂമിയോ ലഭ്യമല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനമോ, സ്വകാര്യ വ്യക്തികളോ, സംഘടനകളോ സൗജന്യമായി 10 സെന്റിൽ കുറയാത്ത ഭൂമി സൗകര്യപ്രദമായ സ്ഥലത്ത് ലഭ്യമാക്കിയാൽ കെ.എസ്.ഇ.ബി.ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ